(ബി) ഉണ്ട്. 390 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യു.ഡി. തയ്യാറാക്കി നൽകിയിരിക്കുന്നത്.

(സി) ഭരണാനുമതിക്കായുള്ള ശിപാർശ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭിച്ചാൽ ഉടൻതന്നെ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ചേർത്തല ഗവൺമെന്റ് പോളിടെക്നിക്ക്

112 (1141) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല ഗവൺമെന്റ് പോളിടെക്നിക്കിൽ മെക്കാനിക്കൽ എൻജിനീയറിംഗ്, കമ്പ്യൂട്ടർ എൻജിനീയറിംഗ് എന്നീ വിഭാഗങ്ങളിൽ രണ്ട് പുതിയ ബ്രാഞ്ചുകൾക്ക് അംഗീകാരം നൽകിയിട്ട് എത്ര വർഷമായി ;

(ബി) ഈ ബ്രാഞ്ചുകൾ എത്രയും വേഗം ആരംഭിക്കുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇനിയും ഈ ബ്രാഞ്ചുകൾ ആരംഭിക്കാത്തത് വിശദമാക്കുമോ ;

(സി) ഈ അദ്ധ്യയന വർഷം മുതൽ ഈ രണ്ടുബ്രാഞ്ചുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

(ബി&സി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷംമാത്രമേ ഈ വിഷയത്തിൽ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

പ്രതിപക്ഷനേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണം

113 (1142) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിപക്ഷനേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly